STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.563/PR/SPMC/PHQ/2020 Date :21.10.2020

# പോലീസ് സ്മൃതിദിനം ആചരിച്ചു

പോലീസ് സ്മൃതിദിനാചരണത്തോടനുബന്ധിച്ച് പോലീസ് ആസ്ഥാനത്തെ ധീര സ്മൃതിഭൂമിയിൽ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ പുഷ്പചക്രം അർപ്പിച്ചു.

ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ ജീവൻ ത്യജിക്കേണ്ടിവന്ന പോലീസ് ഉദ്യോഗസ്ഥർക്ക് സ്മരണാഞ്ജലി അർപ്പിക്കുന്നതിനാണ് എല്ലാ വർഷവും ഒക്ടോബർ 21 ന് സ്മൃതിദിനമായി ആചരിക്കുന്നത്. കോവിഡ് സുരക്ഷാമാനദണ്ഡങ്ങൾ പാലിച്ചാണ് ചടങ്ങ് സംഘടിപ്പിച്ചത്.

സ്മൃതിദിനാചരണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എല്ലാ പോലീസ് ജില്ലകളിലും വിവിധ പരിപാടികൾ സംഘടിപ്പിച്ചു. ഇന്ത്യയിലാകമാനം 265 പോലീസ് ഉദ്യോഗസ്ഥരാണ് കഴിഞ്ഞ ഒരു വർഷത്തിനിടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ വീരചരമം പ്രാപിച്ചത്.

**ഫോട്ടോ ക്യാപ്ഷൻ**

പോലീസ് സ്മൃതിദിനാചരണത്തോടനുബന്ധിച്ച് പോലീസ് ആസ്ഥാനത്തെ സ്മൃതിമണ്ഡപത്തിൽ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ പുഷ്പചക്രം സമർപ്പിച്ച് ആദരാഞ്ജലി അർപ്പിക്കുന്നു.

(ചടങ്ങിന്റെ ദൃശ്യങ്ങളും ഇതോടൊപ്പം)

*********************



